പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2896. 10/05/2017-ന് മറുപടിക്ക്

## ഫയലുകളും ഉത്തരവുകളും മലയാളത്തിൽ ആക്കണമെന്ന ഉത്തരവ്

**ചോദ്യം**
**ശ്രീ.പി.സി.ജോർജ്**

**ഉത്തരം**
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിലെ ഫയലുകൾ മലയാളത്തിൽ ആയിരിക്കണമെന്നും സർക്കാർ ഉത്തരവുകളും മറ്റും മലയാളത്തിൽ പുറപ്പെടുവിക്കണമെന്നും സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ളതും ഇനി രൂപീകരിക്കുന്നതുമായ എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും/കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു കൊണ്ട് 13.01.2015-ാം തീയതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കുറിപ്പുഫയൽ മലയാളത്തിലായിരിക്കണമെന്ന വ്യവസ്ഥയോടെ.<br>(i) (എ) കേന്ദ്ര സർക്കാർ (ബി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ (സി) ഹൈക്കോടതി, സുപ്രീംകോടതി (ഡി) അന്യ സംസ്ഥാനങ്ങൾ (ഇ) അന്യ രാജ്യങ്ങൾ (എഫ്) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ,<br>(ii) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ.<br>എന്നീ സാഹചര്യങ്ങളിൽ മാത്രം ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാമെന്ന് 13.01.2015-ാം തീയതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മെയ് 1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗിക-ഭാഷയായി മലയാളം ഉപയോഗിക്കുന്നത് |

| | | | |
|---|---|---|---|
| | | | നിർബന്ധമാക്കിക്കൊണ്ടും മേൽപ്പറഞ്ഞ വ്യവസ്ഥ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും 26.04.2017-ലെ സ.ഉ.(അച്ചടി)നം.6/2017/ഉഭപവ.സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു) |
| (ബി) | എല്ലാ ഫയലുകളും ഉത്തരവുകളും കത്തിടപാടുകളും മലയാളത്തിൽ തന്നെ ആയിരിക്കണമെന്ന ഉത്തരവ് കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2015 ജനുവരി 19<br>19th January 2015<br>1190 മകരം 5<br>5th Makaram 1190<br>1936 പൗഷം 29<br>29th Pousha 1936 | നമ്പർ<br>No. 156 |



## കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 03/2015/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2015 ജനുവരി 13 / 1190 ധനു 29.*

**എസ്. ആർ. ഒ. നമ്പർ 43/2015.**—1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7) 1ബി വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 1974 ഏപ്രിൽ 30-ാം തീയതി 114885/ഒ.എൽ/72/പി.ഡി. ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തെ ഭാഗികമായി മാറ്റം വരുത്തിക്കൊണ്ടും കേരള സർക്കാർ ഇതുവരെ മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവണ്മെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/276/2015/S-24.

ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. സുരേഷ് കുമാർ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ടിലെ 1ബി വകുപ്പ് പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ട്. 1974 ഏപ്രിൽ 30-ാം തീയതി 114885/ഒ.എൽ/72/പി.ഡി. നമ്പരായി പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയലുകളുടെ കുറിപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിവേചനത്തിൽ ഇംഗ്ലീഷിലോ മലയാളത്തിലോ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. സർക്കാർ നാളിതുവരെ 77 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും 65 പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സർക്കാർ ഇതുവരെ മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പു കളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും സർക്കാർ/ അർദ്ധ സർക്കാർ/സ്വയംഭരണ/പൊതുമേഖലാ/സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Personnel and Administrative Reforms (Official Language) Department**

NOTIFICATION

G. O. (P) No. 03/2015/P&ARD. *Dated, Thiruvananthapuram, 13th January, 2015 / 29th Dhanu, 1190.*

**S. R. O. No. 43/2015.**—In exercise of the powers conferred by section 1B of the Kerala Official Languages Act, 1969 (7 of 1969) and in partial modification of the Notification issued as No. 114885/OL/72/PD dated 30th April, 1974, the Government of Kerala hereby direct that Malayalam shall be used as Official Language in all Departments and Institutions, their Administrative Departments in the Secretariat, Government/Quasi Government/Autonomous/Public Sector/ Co-operative/Local Self Government Institutions, existing and which may be established in future, except in the circumstances under which the use of English and the Minority Languages of the State namely Tamil and Kannada shall be used as provided by law.

By order of the Governor,

K. SURESH KUMAR,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Section 1B of the Kerala Official Languages Act, 1969, empowers Government to issue notification directing that Malayalam or English shall be used in respect of such official purposes as may be specified in the notification. As per Notification No. 114885/OL/72/PD dated 30-4-1974, Government have directed to prepare the notes of the files in the Secretariat either in Malayalam or in English according to the discretion of the employee. Moreover Government

have issued notifications declaring Malayalam as official language in 77 Government Departments, their Administrative Departments in the Secretariat, 65 Public Sector/Co-operative Undertakings and 31 Autonomous Organisations, so far. Now the Government have decided to direct to use Malayalam as Official Language in all Departments, Institutions, their Administrative Departments in the Secretariat/Quasi Government/Autonomous/Public Sector/Co-operative/Local Self Government Institutions, existing and which may be established in future, except in the circumstances under which the use of English and Minority Languages of the State namely Tamil and Kannada have to be used as provided by law.

This notification is intended to achieve the above object.

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2015 ജനുവരി 19<br>19th January 2015<br>1190 മകരം 5<br>5th Makaram 1190<br>1936 പൌഷം 29<br>29th Pousha 1936 | നമ്പർ<br>No. 155 |

## കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 2/2015/ഉഭപവ. *തിരുവനന്തപുരം, 2015 ജനുവരി 13 / 1190 ധനു 29.*

**എസ്. ആർ. ഒ. നമ്പർ 42/2015.**—1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7) 1 ബി വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് കുറിപ്പ് ഫയൽ മലയാളത്തിലായിരിക്കണമെന്ന വ്യവസ്ഥയോടെ താഴെ പറയുന്ന സാഹചര്യങ്ങളിൽ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

(i) (എ) കേന്ദ്രസർക്കാർ

(ബി) കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/275/2015/S-9.

(സി) ഹൈക്കോടതി, സുപ്രീംകോടതി

(ഡി) അന്യ സംസ്ഥാനങ്ങൾ

(ഇ) അന്യ രാജ്യങ്ങൾ

(എഫ്) സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ.

(ii) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. സുരേഷ് കുമാർ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ടിലെ 1 ബി വകുപ്പ് പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇംഗ്ലീഷിന്റെ ഉപയോഗവും ഇംഗ്ലീഷിലുള്ള കത്തിടപാടുകളും അനിവാര്യമാണ്. ഈ സാഹചര്യങ്ങളിൽ കുറിപ്പ് ഫയൽ മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന വ്യവസ്ഥയോടുകൂടി പ്രസ്തുത ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കാമെന്ന് നിർദ്ദേശിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Personnel and Administrative Reforms (Official Language) Department**

NOTIFICATION

G. O. (P) No. 2/2015/P&ARD. *Dated, Thiruvananthapuram,* *13th January, 2015* / *29th Dhanu, 1190.*

**S. R. O. No. 42/2015.**—In exercise of the powers conferred by section 1B of the Kerala Official Languages Act, 1969 (7 of 1969) the Government of Kerala hereby notify the following circumstances under which English can be used for official purpose subject to the condition that in such cases the note file should be prepared in Malayalam.

(i) For correspondence with

(a) Central Government

(b) Central Government organizations

(c) Supreme Court and High Court

(d) Other States

(e) Foreign Countries

(f) The linguistic minorities other than Tamil and Kannada in the State.

(ii) Where the use of English is made mandatory as per law.

By order of the Governor,

K. Suresh Kumar,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Section 1B of the Kerala Official Languages Act, 1969 empowers Government to issue notification directing that Malayalam or English shall be used in respect of such official purposes. In exercise of this power, Government have decided to notify Malayalam as Official Language in all Government Departments. But in some special purposes the use of English and the communication in English is found essential. Hence the Government have decided to direct to use English for those purposes subject to the conditions that in such circumstances the note file should be prepared in Malayalam

This notification is intended to achieve the above object.

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ)വകുപ്പ് - ഔദ്യോഗികഭാഷാ ഉന്നതതലസമിതിയുടെ തീരുമാനം - 2017 മെയ് 1 മുതൽ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കിക്കൊണ്ട് ബഹു.മുഖ്യമന്ത്രി നടത്തിയ ഭരണഭാഷാ പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

സ.ഉ. (അച്ചടി) നമ്പർ.6/2017/ഉ.ഭ.പ.വ തിരുവനന്തപുരം, തീയതി.26.04.2017

---

പരാമർശം:- 1. 13.01.2015-ലെ സ.ഉ.(അച്ചടി)നം.02/2015/ഉഭപവ. നമ്പർ സർക്കാർ വിജ്ഞാപനം.
2. 13.01.2015-ലെ സ.ഉ.(അച്ചടി)നം.03/2015/ഉഭപവ. നമ്പർ സർക്കാർ വിജ്ഞാപനം.
3. 10.04.2017-ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികഭാഷാ ഉന്നതതലസമിതി യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരള സർക്കാരിന്റെ ഭരണഭാഷാനയം പൂർത്തിയാക്കുന്നതിനും, ഭരണനടപടികൾ മാതൃഭാഷയായ മലയാളത്തിലാക്കുന്നതിനും ഭാഷാമാറ്റം അവലോകനം ചെയ്യുന്നതിനുമായി രൂപവൽക്കരിച്ച ഔദ്യോഗികഭാഷാ ഉന്നതതലസമിതി 10.04.2017-ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗംചേർന്ന് ഭാഷാമാറ്റ നടപടികൾ വിലയിരുത്തി. നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കണമെന്നതാണ് നിലവിലുള്ള വ്യവസ്ഥ എന്നതിനാൽ മലയാളം ഉപയോഗിക്കേണ്ട സാഹചര്യങ്ങളിൽ നിർബന്ധമായും അതുപയോഗിക്കാൻ ഉദ്യോഗസ്ഥർക്ക് നിയമപരമായ ബാധ്യതയുണ്ട്. അതിനാൽ **2017 മെയ്-1** മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗികഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കിക്കൊണ്ടും, ഇവിടങ്ങളിൽനിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും കത്തുകളും മറ്റും നിബന്ധനകൾക്കു വിധേയമായി, മലയാളത്തിൽത്തന്നെയായിരിക്കണം എന്ന് ബഹു.മുഖ്യമന്ത്രി **ഭരണഭാഷാപ്രഖ്യാപനം** നടത്തുകയുണ്ടായി. മൂന്നു മാസത്തിലൊരിക്കൽ ഇക്കാര്യം അവലോകനം ചെയ്യണമെന്നും ഉന്നതതലസമിതി നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളും താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി മലയാളമാണ് ഭരണഭാഷയായി ഉപയോഗിക്കേണ്ടത്.

സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷക്കാർക്ക്, ഭരണഭാഷ സംബന്ധിച്ച, നിലവിലുള്ള അവകാശങ്ങൾ നിലനിറുത്തിക്കൊണ്ട്, (1)കേന്ദ്ര സർക്കാർ (2)കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, (3)ഹൈക്കോടതി-സുപ്രീംകോടതി (4) ഇതരസംസ്ഥാനങ്ങൾ (5) മറ്റു രാജ്യങ്ങൾ

(6) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷാന്യൂനപക്ഷ ക്കാരുമായുള്ള കത്തിടപാടുകൾ (7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പുഫയൽ മലയാളത്തിലായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്. അതിനാൽ, നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും **2017 മെയ് -1** മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ഇതിനാൽ സർക്കാർ ഉത്തരവു പുറപ്പെടുവിക്കുന്നു.

സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും, സർക്കുലറുകളും, മറ്റു കത്തിടപാടുകളും, ഫയൽനടപടികളും, റിപ്പോർട്ടുകളും മേൽപ്പറഞ്ഞ നിബന്ധനകൾക്കു വിധേയമായി മലയാളത്തിലാണെന്ന് വകുപ്പുതലവന്മാരും ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്. ഓരോ വകുപ്പിന്റെയും ഭാഷാമാറ്റ നടപടികൾ മൂന്നു മാസത്തിലൊരിക്കൽ അവലോകനം ചെയ്യുന്നതും സർക്കാരിന്റെ ഭരണഭാഷാമാറ്റനടപടികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ ഉത്തരവുകളുടെ ലംഘനമായിക്കണ്ട് നടപടി സ്വീകരിക്കുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
കെ.ആർ.ജ്യോതിലാൽ
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം/നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും.
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധ സർക്കാർ/
സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
വെബ് & മീഡിയ വിഭാഗം/പ്രസ്റിലീസ് വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ